# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3826 24.06.2014-ൽ മറുപടിക്ക്**

**വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നികുതി ചോർച്ച തടയുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നികുതി ചോർച്ച തടയുന്നതിനും നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ മേലുദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. അതിന്റെ ഭാഗമായി രജിസ്റ്ററുകളും രേഖകളും കൃത്യമാണെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകളിൽ ടേക്ക് ഓവർ എന്ന രീതിയിൽ ചെക്ക്പോസ്റ്റുകൾ ഏറ്റെടുക്കുകയും വാഹനങ്ങൾ പരിശോധിക്കുകയും ചെയ്യാറുണ്ട്. ചെക്ക്പോസ്റ്റുകൾ കടന്നുവരുന്ന വാഹനങ്ങൾ തുടർ പരിശോധനക്ക് വിധേയമാക്കുകയും ചെയ്യാറുണ്ട്. |
| (ബി) | മാസത്തിൽ ഒരു തവണയെങ്കിലും ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകളിൽ ടേക്ക് ഓവർ എന്ന രീതിയിൽ ചെക്ക്പോസ്റ്റുകൾ ഏറ്റെടുക്കാറുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് മേൽ പരാമർശിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വാഹന പരിശോധനയ്ക്കായി ആവശ്യമായ ജീവനക്കാരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**